**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3145** **13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതുവഴി പൊതുമേഖലയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (എ) | **ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതു വഴി സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക് കുറഞ്ഞിട്ടുണ്ട് എന്നാണ് സ്ഥിതിവിവര കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. 2016-17 കാലത്ത് 17,982 കുട്ടികളാണ് കൊഴിഞ്ഞു പോയതെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. 2019-20ൽ ഇത് 4,546 ആയി കുറഞ്ഞിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. വൊക്കേഷണൽ വിഭാഗത്തിൽ നിശ്ചിത എണ്ണം സീറ്റുകളിലേയ്ക്കാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് എന്നതിനാൽ കൊഴിഞ്ഞു പോക്ക് ഉണ്ടായിരുന്നില്ല.** |
| (ബി) | ഇതുമൂലം സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതു വഴി സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം 2 മുതൽ 10 വരെ ക്ലാസ്സുകളിലായി സർക്കാർ മേഖലയിൽ 44915 ഉം , സർക്കാർ എയ്ഡഡ് മേഖലയിൽ 75055 ഉം ഉൾപ്പെടെ ആകെ 119970 വിദ്യാർത്ഥികളുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് പൊതു വിദ്യാലയങ്ങളിൽ ഉണ്ടായിട്ടുള്ളത്. VHSE വിഭാഗത്തിൽ ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള നിശ്ചിത എണ്ണം സീറ്റുകളിലാണ് പ്രവേശനം നടക്കുന്നത്. എല്ലാ സ്കൂളുകളിലും ഒരു കോഴ്സിന് പരമാവധി 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. |
| (സി) | കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടും പല സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | നിലവിലുള്ള നിയമങ്ങൾ പാലിച്ച കൊണ്ട് അധ്യാപക നിയമനങ്ങൾ നടക്കുന്നുണ്ട്. അധ്യാപകർ ഇല്ലാതെ വരികയാണെങ്കിൽ ദിവസ വേതനത്തിൽ നിയമിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. VHSE വിഭാഗത്തിൽ കോഴ്സ് |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സ്ഥിര അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്. ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ സമയ ബന്ധിതമായി ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ